## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 132** **29-09-2025 - ൽ മറുപടിയ്ക്ക്**

## നാളികേര കർഷകർക്ക് പ്രയോജനം ലഭ്യമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തേങ്ങയ്ക്കും വെളിച്ചെണ്ണയ്ക്കും വില ഉയർന്നു നിൽക്കുമ്പോൾ അതിന്റെ പ്രയോജനം നാളികേര കർഷകർക്ക് ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് തേങ്ങയ്ക്കും വെളിച്ചെണ്ണയ്ക്കും വില ഉയർന്നു നിൽക്കുമ്പോൾ അതിന്റെ പ്രയോജനം നാളികേര കർഷകർക്ക് ലഭിയ്ക്കുന്നുണ്ട്.<br><br>സാമ്പത്തിക സ്ഥിതി വിവരക്കണക്ക് പ്രസിദ്ധീകരിക്കുന്ന ഫാം ഹോൾസെയിൽ പ്രൈസ് പ്രകാരം വെളിച്ചെണ്ണയുടെ വില 2024 വർഷത്തിൽ ക്വിന്റലിന് ശരാശരി 16468/-രൂപയും, 2025 നാളിതുവരെ ക്വിന്റലിന് ശരാശരി 29974/-രൂപയും, കൃഷിയിടത്തിൽ നിന്നുള്ള പൊതിച്ച തേങ്ങയുടെ വില 2024 വർഷത്തിൽ ക്വിന്റലിന് ശരാശരി 3102/-രൂപയും, 2025 വർഷത്തിൽ നാളിതുവരെ ക്വിന്റലിന് ശരാശരി 6484/-രൂപയും ആണ്. വെളിച്ചെണ്ണയുടെ വില വർദ്ധിക്കുന്നത് അനുസരിച്ച് നാളികേരത്തിന്റെയും വില വർദ്ധിക്കുകയും നാളികേരള കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിയ്ക്കുകയും ചെയ്യുന്നതായി മേൽ വിവരങ്ങൾ സൂചിപ്പിക്കുന്നു.<br><br>കഴിഞ്ഞ വർഷം ഒരു കിലോ പച്ചത്തേങ്ങയ്ക്ക് കർഷകന് ലഭിച്ചിരുന്ന ശരാശരി വില 30-33 രൂപയായിരുന്നുവെങ്കിൽ നിലവിൽ അത് 60-65 രൂപയായി ഉയർന്നിട്ടുണ്ട്.<br><br>വില ഉയർന്നപ്പോൾ കർഷകരിൽ നിന്ന് നേരിട്ട് ഉൽപ്പന്നങ്ങൾ ശേഖരിക്കാൻ ചെറുകിട കച്ചവടക്കാരും സംസ്കരണ യൂണിറ്റുകളും മുന്നോട്ട് വന്നത് വിപണിയിൽ ഇടനിലക്കാരുടെ പങ്ക് കുറയ്ക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വില ലഭിയ്ക്കുന്നതിനും സഹായിച്ചിട്ടുണ്ട്.<br><br>കാർഷിക സഹകരണ സംഘങ്ങളുടെയും, കാർഷിക ഉൽപ്പാദന സംഘടനകളുടേയും ഇടപെടലുകളും |

| | | | |
|---|---|---|---|
| | | | ഉയർന്ന വില ലഭ്യമാക്കുവാൻ നാളികേര കർഷകർക്ക് സഹായകരമായിട്ടുണ്ട്. |
| (ബി) | നാളികേര ഉല്പാദനം ഗണ്യമായി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഈ സർക്കാരിന്റെ കാലത്ത് 2023-24 സാമ്പത്തിക വർഷം വരെ നാളികേര ഉൽപ്പാദനം ഗണ്യമായി കുറഞ്ഞിട്ടില്ല. സാമ്പത്തിക സ്ഥിതി വിവര വകുപ്പാണ് ഇതു സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നത്. 2024-25, 2025-26 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടില്ല.<br><br>സംസ്ഥാനത്തെ നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് തുടങ്ങിയ പദ്ധതിയായ കേരഗ്രാമത്തിൽ സമഗ്രമായ തെങ്ങുകൃഷി പരിപാലനത്തിന് ഊന്നൽ നൽകിവരുന്നു. 100 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണ മുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണ മുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ-രാസവളങ്ങൾ, ജീവാണു വളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചു മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേര ഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. കേരഗ്രാമം പദ്ധതിയിൽ മൂന്ന് വർഷങ്ങളിലായി കർഷകർക്ക് ധനസഹായം നൽകുന്നു. സംസ്ഥാനത്ത് ഇതുവരെ 597 കേര ഗ്രാമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>കേര കൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് നാളികേര വികസന കൗൺസിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ കൗൺസിലിന്റെ ശുപാർശ പ്രകാരം കേരള കാർഷിക സർവ്വകലാശാല (KAU), നാളികേര വികസന ബോർഡ് (CDB), കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (CPCRI), കൃഷിവകുപ്പ് ഫാമുകൾ എന്നിവരുടെ തെങ്ങിൻ തൈ ഉൽപ്പാദന കേന്ദ്രങ്ങളിൽ ഉൽപ്പാദിപ്പിച്ച മികച്ച വിളവ് തരുന്ന |

| | | | |
|---|---|---|---|
| | | | അത്യുൽപ്പാദനശേഷി ഉള്ള തെങ്ങിൻ തൈകൾ കർഷകർക്ക് വിതരണം ചെയ്തു വരുന്നു.<br><br>ഉയർന്ന ഉൽപ്പാദനം തരുന്ന പശ്ചിമ തീര നെടിയ ഇനങ്ങൾ (WCT), കുള്ളൻ തെങ്ങിൻ തൈകൾ (Dwarf), ഹൈബ്രിഡ് തെങ്ങിൻ തൈകൾ ഉൾപ്പെടെ ആകെ 70,42,614 എണ്ണം തെങ്ങിൻ തൈകൾ കഴിഞ്ഞ 5 വർഷമായി കോക്കനട്ട് കൗൺസിൽ വഴി വിതരണം ചെയ്തിട്ടുണ്ട്.<br><br>കേര കൃഷി പുനരുജ്ജീവന പദ്ധതി, നിലവിലെ തോട്ടങ്ങളിലെ സമഗ്ര കേര കൃഷി വികസനം, തെങ്ങു വിള വിസ്തൃതി വർദ്ധിപ്പിക്കൽ തുടങ്ങിയ നാളികേര വികസന ബോർഡ് പദ്ധതികളിലൂടേയും, തദ്ദേശ സ്വയംഭരണ സ്ഥാപന പദ്ധതികളിലൂടേയും, കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം (CPCRI) പദ്ധതികളിലൂടെയും നാളികേര ഉൽപ്പാദന വർദ്ധനവ് സാധ്യമാകുന്നുണ്ട്. |
| (സി) | ഈ സാഹചര്യത്തിൽ നാളികേര ഉല്പാദനം വർദ്ധിപ്പിച്ചുകൊണ്ട് കർഷകർക്ക് പ്രയോജനം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ? | (സി) | ഈ സർക്കാരിന്റെ കാലത്ത് 2023-24 സാമ്പത്തിക വർഷം വരെ നാളികേര ഉൽപ്പാദനം ഗണ്യമായി കുറഞ്ഞിട്ടില്ല. സാമ്പത്തിക സ്ഥിതി വിവര വകുപ്പാണ് ഇതു സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നത്. 2024-25, 2025-26 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടില്ല.<br><br>സംസ്ഥാനത്തെ നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടു തുടങ്ങിയ പദ്ധതിയായ കേരഗ്രാമത്തിൽ സമഗ്രമായ തെങ്ങുകൃഷി പരിപാലനത്തിന് ഊന്നൽ നൽകിവരുന്നു. 100 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണ മുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണ മുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ-രാസവളങ്ങൾ, ജീവാണു വളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചു മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേര ഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന |

| | | | |
|---|---|---|---|
| | | | നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. കേരഗ്രാമം പദ്ധതിയിൽ മൂന്ന് വർഷങ്ങളിലായി കർഷകർക്ക് ധനസഹായം നൽകുന്നു. സംസ്ഥാനത്ത് ഇതുവരെ 597 കേര ഗ്രാമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>കേര കൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് നാളികേര വികസന കൗൺസിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ കൗൺസിലിന്റെ ശുപാർശ പ്രകാരം കേരള കാർഷിക സർവ്വകലാശാല (KAU), നാളികേര വികസന ബോർഡ് (CDB), കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (CPCRI), കൃഷിവകുപ്പ് ഫാമുകൾ എന്നിവരുടെ തെങ്ങിൻ തൈ ഉൽപ്പാദന കേന്ദ്രങ്ങളിൽ ഉൽപ്പാദിപ്പിച്ച മികച്ച വിളവ് തരുന്ന അത്യുൽപ്പാദനശേഷി ഉള്ള തെങ്ങിൻ തൈകൾ കർഷകർക്ക് വിതരണം ചെയ്തു വരുന്നു.<br><br>ഉയർന്ന ഉൽപ്പാദനം തരുന്ന പശ്ചിമ തീര നെടിയ ഇനങ്ങൾ (WCT), കുള്ളൻ തെങ്ങിൻ തൈകൾ (Dwarf), ഹൈബ്രിഡ് തെങ്ങിൻ തൈകൾ ഉൾപ്പെടെ ആകെ 70,42,614 എണ്ണം തെങ്ങിൻ തൈകൾ കഴിഞ്ഞ 5 വർഷമായി കോക്കനട്ട് കൗൺസിൽ വഴി വിതരണം ചെയ്തിട്ടുണ്ട്.<br><br>കേര കൃഷി പുനരുജ്ജീവന പദ്ധതി, നിലവിലെ തോട്ടങ്ങളിലെ സമഗ്ര കേര കൃഷി വികസനം, തെങ്ങു വിള വിസ്തൃതി വർദ്ധിപ്പിക്കൽ തുടങ്ങിയ നാളികേര വികസന ബോർഡ് പദ്ധതികളിലൂടേയും, തദ്ദേശ സ്വയംഭരണ സ്ഥാപന പദ്ധതികളിലൂടേയും, കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം (CPCRI) പദ്ധതികളിലൂടെയും നാളികേര ഉൽപ്പാദന വർദ്ധനവ് സാധ്യമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ